**മാധ്യമരംഗത്തെ പഠന-ഗവേഷണങ്ങൾക്കായി**
**കേരള മീഡിയ അക്കാദമി അനുവദിക്കുന്ന ഫെലോഷിപ്പ്**

# നിയമാവലി

1. മാധ്യമരംഗത്തെ പഠന-ഗവേഷണങ്ങൾക്കായി ഫെലോഷിപ്പ് നൽകുന്നതിന് കേരള സർക്കാർ 2021-2022 സാമ്പത്തിക വർഷം അനുവദിച്ച തുക ഉപയോഗിച്ച് വിവിധ വിഷയങ്ങളിൽ പഠനം നടത്തുവാനാണ് സ്കോളർഷിപ്പ് നൽകുന്നത്.

2. സൂക്ഷ്മവിഷയങ്ങൾ, സമഗ്രവിഷയങ്ങൾ, സാധാരണ വിഷയങ്ങൾ എന്നു മൂന്നായി തരം തിരിച്ചാണ് ഫെലോഷിപ്പ് ഏർപ്പെടുത്തുന്നത്. റിസർച്ച് പ്രോഡക്ട് ആണ് സമർപ്പിക്കേണ്ടത്. രേഖയായും പുസ്തകമായും മാത്രമല്ല സി.ഡി/ഡി.വി.ഡി രൂപത്തിലും സമർപ്പിക്കാം.

3. സൂക്ഷ്മവിഷയങ്ങളിൽ പെടുന്നവ : നൂതനമായ വിഷയങ്ങളുടെ സൂക്ഷ്മവും സമഗ്രവുമായ പഠന ഗവേഷണ പ്രബന്ധങ്ങളാണ് അക്കാദമിക്ക് സമർപ്പിക്കേണ്ടത്. നേരിട്ട് പുസ്തകമാക്കുന്നതിന് പകർപ്പവകാശം അക്കാദമിയിൽ നിക്ഷിപ്തമാക്കി അംഗീകരിക്കപ്പെടുന്നവയ്ക്ക് ഒരു ലക്ഷം രൂപ വരെ പ്രതിഫലം നൽകും.

4. സമഗ്രവിഷയങ്ങളിൽ പെടുന്നവ: നിശ്ചിതശതമാനം ഗവേഷണപ്രബന്ധങ്ങൾ നേരിട്ടു പുസ്തകമാക്കുന്നതിനു ക്ഷണിച്ച് പകർപ്പവകാശം അക്കാദമിയിൽ നിക്ഷിപ്തമാക്കി, അംഗീകരിക്കപ്പെടുന്നവയ്ക്ക് 75,000 രൂപ വരെ പ്രതിഫലം നൽകും.

5. സാധാരണ വിഷയങ്ങളിൽ പെടുന്നവ: മീഡിയ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതിനു പരിഗണിക്കാനായി നിശ്ചിതശതമാനം ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിക്കുകയും പ്രസിദ്ധീകരിക്കപ്പെടുന്നവയ്ക്ക് 10,000 രൂപ വരെ പ്രതിഫലം നൽകി പകർപ്പവകാശം അക്കാദമിയിൽ നിക്ഷിപ്തമാക്കുകയും അവയിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്നവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യും.

6. അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമപ്രവർത്തകർ, മാധ്യമ പഠന വിദ്യാർത്ഥികൾ, മാധ്യമരംഗത്തുള്ള അദ്ധ്യാപകർ തുടങ്ങിയവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചാണ് ഫെലോഷിപ്പിന് അർഹരായവരെ തിരഞ്ഞെടുക്കേണ്ടത്.

7. അപേക്ഷകർ അപേക്ഷയോടൊപ്പം പഠനത്തിന്റെ സിനോപ്സിസ് നൽകേണ്ടതാണ്. തെരഞ്ഞെടുപ്പിന്റെ മുഖ്യ അടിസ്ഥാനം സിനോപ്സിസ് ആയിരിക്കും.

8. മേൽപ്പറഞ്ഞ മൂന്നു വിഭാഗങ്ങളിലേയും അപേക്ഷകൾ പരിശോധനാ സമിതിക്ക് നൽകി അവരാണ് തിരഞ്ഞെടുക്കേണ്ടത്.

9. ഗവേഷണരംഗത്ത് മുൻ പരിചയമുള്ള ഒരു വിദഗ്ദ്ധന്റെ മാർഗനിർദ്ദേശങ്ങൾ ഗവേഷകർ സ്വീകരിക്കേണ്ടതാണ്.

10. ഗവേഷണപ്രബന്ധം അക്കാദമിക്കു സമർപ്പിക്കേണ്ടതും ഇതിന്റെ പകർപ്പവകാശം അക്കാദമിയിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

11. പ്രബന്ധം അക്കാദമി നിയോഗിക്കുന്ന ഒരു വിദഗ്ദ്ധസമിതിയെക്കൊണ്ട് വിലയിരുത്തുന്നതാണ്.

12. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ഫെലോഷിപ്പ് നൽകുന്നതല്ല.

13. ഫെലോഷിപ്പ് കാലാവധി ഒരു വർഷമായിരിക്കും. ബന്ധപ്പെട്ട പ്രബന്ധങ്ങൾ ആവശ്യമായ രേഖകൾ സഹിതം അക്കാദമി സെക്രട്ടറിക്ക് സമർപ്പിക്കണം. അക്കാദമി നിയോഗിക്കുന്ന വിദഗ്ധസമിതി പ്രബന്ധം പരിശോധിച്ച് അംഗീകരിച്ചതിനു ശേഷമേ അവസാനഗഡു തുക അനുവദിക്കുകയുള്ളൂ.

14. ഫെലോഷിപ്പ് ലഭിക്കുന്നവർ തുകയുടെ വിനിയോഗം സംബന്ധിച്ച വൗച്ചറും ബന്ധപ്പെട്ട രേഖകളും ഹാജരാക്കണം. യാത്ര, പുസ്തകങ്ങൾ, ഡി.ടി.പി, ഓഫീസ് ജോലികൾ എന്നിവയ്ക്ക് ഫെലോഷിപ്പ് തുക ഉപയോഗിക്കാം.

15. സിനോപ്സിസ് നൽകി അംഗീകാരമായാൽ ആദ്യഗഡുവായി 25% തുക നൽകും. പീരിയോഡിക്കൽ പ്രോഗ്രസ് റിപ്പോർട്ട് നൽകണം. പീരിയോഡിക്കൽ റിപ്പോർട്ടും അനുബന്ധ രേഖകളും ലഭിക്കുമ്പോൾ വിദഗ്ധസമിതി അംഗീകരിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ടമായി 25% തുക കൂടി നൽകും. ബാക്കി തുക പ്രബന്ധത്തിന് അന്തിമാംഗീകാരം ലഭിച്ചതിനുശേഷമേ നൽകൂ.

16. തുകയുടെ ആദ്യഘട്ടമോ രണ്ടാംഘട്ടമോ ലഭിച്ചവർ തുടർന്ന് പ്രവർത്തിക്കാതിരിക്കുകയോ രേഖകൾ യഥാസമയം സമർപ്പിക്കാതിരിക്കുകയോ ചെയ്താൽ നൽകിയ തുക തിരിച്ചുപിടിക്കും.

17. ഫെലോഷിപ്പ് ലഭിക്കുന്നവർ ഫെലോഷിപ്പ് വ്യവസ്ഥകൾ സംബന്ധിച്ച് നിയമാനുസൃത തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ ഉടമ്പടി വയ്ക്കേണ്ടതാണ്. വ്യവസ്ഥകൾ ലംഘിച്ചാൽ അവർക്കെതിരെ അക്കാദമി നിയമനടപടി സ്വീകരിക്കും.

18. കേരളത്തിൽ മാധ്യമപ്രവർത്തനം നടത്തുന്നവരും കേരളത്തിൽ ആസ്ഥാനമുള്ള മാധ്യമങ്ങൾക്കു വേണ്ടി അന്യസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ മാധ്യമപ്രവർത്തകർക്ക് അപേക്ഷിക്കാം. (മലയാളം - ഇംഗ്ലീഷ് മാധ്യമങ്ങൾ)

19. അപേക്ഷകർ ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവരും മാധ്യമരംഗത്ത് കുറഞ്ഞത് അഞ്ചു വർഷമെങ്കിലും പ്രവർത്തനപരിചയമുള്ളവരും ആയിരിക്കണം. മാധ്യമപഠന വിദ്യാർത്ഥികൾക്കു പ്രവൃത്തിപരിചയം നിർബന്ധമല്ല. എന്നാൽ അവർ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കണം.

20. മാധ്യമപരിശീലനരംഗത്തുള്ള അധ്യാപകർക്കും അപേക്ഷിക്കാം. അവർ ബിരുദധാരികളും രംഗത്ത് അഞ്ചുവർഷത്തെ പ്രവൃത്തിപരിചയം ഉള്ളവരുമായിരിക്കണം.

21. പട്ടികജാതി–പട്ടികവർഗ–മറ്റ് അർഹവിഭാഗങ്ങൾ, കുട്ടികൾ, സ്ത്രീകൾ എന്നീ വിഭാഗത്തിലുള്ള പഠനങ്ങൾക്കും നവോത്ഥാനം ,ശാസ്ത്ര ചിന്ത തുടങ്ങിയ ശാഖകളി ലെയും പഠനങ്ങൾക്ക് മുൻഗണന നൽകും.

22. പ്രബന്ധങ്ങൾ ഒരു സെമിനാറിൽ അവതരിപ്പിച്ചും സെമിനാറിൽ ഉരുത്തിരിയുന്ന ആശയങ്ങൾ കൂടി ഉൾച്ചേർത്തും പ്രബന്ധത്തിന്റെ അന്തിമരൂപം തയ്യാറാക്കാവുന്നതാ ണ്.

23. ഉയർന്ന അക്കാദമിക് യോഗ്യതകൾ ഉള്ളവർക്കും പ്രായം കുറഞ്ഞവർക്കും മുൻഗണന നൽകും.

24. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് രണ്ടു ഫെലോഷിപ്പ് സംവരണം ഉണ്ടായിരിക്കും. അവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും.

**സെക്രട്ടറി**
കേരള മീഡിയ അക്കാദമി

**ചെയർമാൻ**
കേരള മീഡിയ അക്കാദമി